**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2625** **09.05.2017 ൽ മറുപടിയ്ക്ക്**

**പച്ചത്തേങ്ങ സംഭരണം നടത്തുന്ന ഏജൻസികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | | **ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖേനയാണെന്ന് വിശദീകരിക്കുമോ; | (എ) | ഉണ്ട്. കൃഷിഭവനുകൾ വഴി നടന്നിരുന്ന സംഭരണം കേര ഫെഡിൽ അംഗങ്ങളായ സഹകരണ സംഘങ്ങളേയും നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉൽപ്പാദക കമ്പനികളേയും കൂടി ഉൾപ്പെടുത്തി ഊർജ്ജിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കൃഷി വകുപ്പ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നുണ്ടോ; പ്രസ്തുത ഇനത്തിൽ എത്ര തുക കർഷകർക്ക് വിതരണം ചെയ്യാനുണ്ടെന്ന് വിശദീകരിക്കുമോ; | (ബി) | കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷി ഭവനുകൾ വഴി കർഷകരിൽ നിന്ന് കേരഫെഡ് നാളികേരം സംഭരിക്കുന്നുണ്ട്. ഈ ഇനത്തിൽ കർഷകർക്കു നൽകാനുള്ള തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (സി) | കേരഫെഡിന്റെ കരുനാഗപ്പള്ളിയിലേയും, കോഴിക്കോട് നടുവണ്ണൂരിലേയും ഫാക്ടറികളിലും, തിരുവനന്തപുരത്ത് ആനയറയിലുള്ള കേര ഫെഡ് കേന്ദ്രം വഴിയും നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**